പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *291 — 22.02.2016-ൽ മറുപടിക്ക്

## സാമൂഹ്യക്ഷേമ പെൻഷൻ വിതരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.കെ.ബാലൻ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ(ഉദുമ) | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടായിരുന്നുവോ; | (എ) ഈ സർക്കാർ അധികാര മേൽക്കുമ്പോൾ സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടായിരുന്നു. ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും പെൻഷൻ കുടിശ്ശികയുടെ സ്വഭാവം വ്യത്യസ്തമാണ്. ഓരോ പെൻഷനും ഒരേ രീതിയിലല്ല കുടിശ്ശിക നിലനിൽക്കുന്നത്. കുടിശ്ശികയുടെ കാര്യത്തിൽ ഏകീകൃത സ്വഭാവമില്ലാത്തതിനാൽ കുടിശ്ശിക കൃത്യമായി കണക്കാക്കാൻ കഴിയുന്നില്ല. എന്നിരുന്നാലും 2011 ഏപ്രിൽ മാസത്തിനു മുൻപ് നിലവിലുണ്ടായിരുന്ന പെൻഷൻ കുടിശ്ശിക നൽകിക്കഴിഞ്ഞു. |
| (ബി) പെൻഷൻ വിതരണത്തിൽ ഈ സർക്കാർ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെ യായിരുന്നു? | (ബി) 'ബി' പിരിവിന്റെ മറുപടി അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 'ബി '

1. ഓരോ ഇനം പെൻഷനും 2011 ന് ശേഷം നിരക്ക് ഉയർത്തിയിരുന്നു.

| ക്രമ. നം. | പെൻഷൻ ഇനം | 2010 | 2011 | 2012 | 2013 | 2014 |
|---|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 300 | 400 | 400 | 500 | 600 |
| 2 | വികലാംഗ പെൻ ഷൻ- 80% നു താഴെ | 300 | 400 | 525 | 700 | 800 |
| | വികലാംഗ പെൻ ഷൻ- 80% നു മുകളിൽ | 300 | 400 | 700 | 1000 | 1100 |
| 3 | വാർദ്ധക്യ കാല പെൻഷൻ - 80 വയസ്സിനു താഴെ | 300 | 400 | 400 | 500 | 600 |
| | വാർദ്ധക്യ കാല പെൻഷൻ- 80 വയസ്സിന് മുകളിൽ | 300 | 400 | 900 | 1100 | 1200 |
| 4 | വിധവാ പെൻഷൻ | 300 | 400 | 525 | 700 | 800 |
| 5 | 50 വയസ്സു കഴിഞ്ഞ അവിവാഹിത കൾക്കുള്ള പെൻഷൻ | 300 | 400 | 525 | 700 | 800 |

2. 2015 ഏപ്രിൽ മാസം മുതൽ ഒരു കേന്ദ്രീകൃത സംവിധാനത്തിലൂടെ (ഡിബിടി സമ്പ്രദായം) വഴി വിവരസാങ്കേതിക വിദ്യയിലൂടെയാണ് പ്രതിമാസം പെൻഷൻ വിതരണം നടത്തുന്നത്. ബാങ്ക് അക്കൗണ്ട്, പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, ഇ - മണി ഓർഡർ എന്നീ വിതരണ മാർഗ്ഗങ്ങളിലൂടെ പെൻഷൻ തുക കൈമാറുന്നു. 12/2015 വരെയുള്ള പെൻഷൻ വിതരണം ചെയ്യപ്പെട്ടതിൽ പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴിയുള്ള വിതരണം 09/2015 മുതൽ തടസ്സപ്പെട്ടിരുന്നു. അതിനാൽ പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി പെൻഷൻ കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് 09/2015 മുതൽ 12/2015 വരെയുള്ള 4 മാസത്തെ തുക ബാങ്ക് ചെക്കായി വിതരണം ചെയ്തിരുന്നു

Manju
സെക്ഷൻ ഓഫീസർ